1. ചികിത്സക്ക് വിധേയമായിരുന്ന ആശുപത്രിയെ, സർക്കാർ റീഇമ്പേഴ്സ്മെന്റ് ആവശ്യത്തിന് അംഗീകരിച്ചിട്ടില്ല.

2. അസിസ്റ്റന്റ് സർജൻ നൽകിയതായി കാണുന്ന റഫറൽ ലെറ്ററിൽ ജില്ലാ മെഡിക്കൽ ഓഫീസർ മേലൊപ്പ് വച്ചിട്ടില്ല.

3. ഈ ചികിത്സാ രീതി പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾക്കായി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ

164. [933] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് സ്ഥിതി ചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ എത്ര സ്പെഷ്യാലിറ്റി യൂണിറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരു ജില്ലാ ആശുപത്രിയിൽ എത്ര സ്പെഷ്യാലിറ്റി യൂണിറ്റുകളാണ് വേണ്ടത് എന്നു വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ആകെ എത്ര ഡോക്ടർമാരും അനുബന്ധ ജീവനക്കാരുമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതുതായി എത്ര തസ്തികകളാണ് അനുവദിച്ചിരിക്കുന്നത് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഇ) പുതുതായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഒരു ജില്ലാ ആശുപത്രിക്ക് വേണ്ട തസ്തികകൾ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം തസ്തികകൾ ; ഈ തസ്തികകൾ ഉടനെ അനുവദിച്ച് അവയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എട്ട് യൂണിറ്റുകളാണുള്ളത് .

(ബി) 19 യൂണിറ്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 28 ഡോക്ടർമാരും, 199 അനുബന്ധ ജീവനക്കാരുമാണ് ഉള്ളത്.

(ഡി) പുതുതായി 50 തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്. അവ താഴെ പറയുന്നവയാണ്.

സിവിൽ സർജൻ	..	1
അസിസ്റ്റന്റ് സർജൻ	..	4
കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ	..	4
ഡെന്റൽ അസിസ്റ്റന്റ് സർജൻ	..	1
സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2	..	13
നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2	..	1
എൽ. ഡി. ക്ലാർക്ക്	..	1
യു. ഡി. ക്ലാർക്ക്	..	1
നേഴ്സിംഗ് അസിസ്റ്റന്റ്	..	7
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2	..	10
എക്സറേ ടെക്നിഷ്യൻ	..	1
സ്റ്റോർ സൂപ്രണ്ട്	..	1
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	..	1
ഫിസിയോ തെറാപ്പിസ്റ്റ്	..	1
ഡെന്റൽ മെക്കാനിക്ക്	..	1
ലാബ് ടെക്നീഷ്യൻ	..	2

(ഇ) പുതുതായി സൃഷ്ടിച്ച തസ്തികകളിൽ അസിസ്റ്റന്റ് സർജൻ (3), കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ (1), നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2 (1), ലാബ് ടെക്നിഷ്യൻ (2) എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റ് തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(എഫ്) ആശുപത്രികളിലെ കിടക്കകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തികകൾ സൃഷ്ടിക്കുന്നത്, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന കിടക്കകളുടെ എണ്ണം 189 ആയിരുന്നത്, 4-3-2005-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ. റ്റി) 644/05/ആ.കു.വ. പ്രകാരം 400ആയി ഉയർത്തിയും 50 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

താഴെ പറയുന്ന തസ്തികകളാണ് ഇനി അനുവദിക്കാനുള്ളവ :

സ്റ്റാഫ് നേഴ്സ്	..	12
ഹെഡ് നേഴ്സ്	..	4
നേഴ്സിംഗ് സൂപ്രണ്ട്	..	1

LIBRARY ARCHIVES Kerala Legislative Assembly

എൽ. ഡി. ക്ലാർക്ക്	..	1
ജൂനിയർ സൂപ്രണ്ട്	..	1
പാർട്ട്ടൈം സ്വീപ്പർ	..	1
നേഴ്സിംഗ് അസിസ്റ്റന്റ്	..	13
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2	..	7
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1	..	2
ജെ. എച്ച്. ഐ.	..	1
ഫാർമസിസ്റ്റ്	..	1
എക്സറേ അറ്റന്റർ	..	1
ജൂനിയർ സയന്റിക് ഓഫീസർ	..	1
സൈക്കിയാട്രിക് സോഷ്യൽ വർക്കർ	..	1

ഈ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

165. [934] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഇപ്പോൾ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ; എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ ആന്റ് ബി)	ഡെപ്യൂട്ടി ഡയറക്ടർ	..	1
	സിവിൽ സർജൻ	..	2
	അസിസ്റ്റന്റ് സർജൻ	..	2

എന്നീ ഒഴിവുകളുണ്ട്. ഇതിൽ സിവിൽ സർജൻ - സർജറി, മെഡിസിൻ വിഭാഗങ്ങളിലും, അസിസ്റ്റന്റ് സർജൻ പീഡിയാട്രീഷ്യൻ, അനസ്തേഷ്യാ വിഭാഗങ്ങളിലുമാണ്.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly